CHRISTIAN MUSICOLOGICAL SOCIETY OF INDIA



# പുണ്യചരിതനായ പാലയ്ക്കൽ തോമ്മാ മൽപാൻ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



പാലയ്ക്കൽ തോമ്മാ മല്പാനച്ചൻ സേവനമനുഷ്ഠിച്ച
പരി. കന്യാമറിയത്തിന്റെ നാമത്തിലുള്ള പള്ളിപ്പുറം പള്ളി




പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ പുണ്യകുടീരം



പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ
ഭൗതീകാവശിഷ്ടങ്ങൾ അടക്കം ചെയ്തിരിക്കുന്ന
പള്ളിപ്പുറം പള്ളിയിലെ അൽത്താര

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ആമുഖം

വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എഴുതിയ 'മലയാളത്തിൽ ക. നി. മൂ. സഭയുടെ അടിസ്ഥാനക്കാരിൽ ഒന്നാമനായ പള്ളിപ്പുറത്തുപള്ളി ഇടവകക്കാരൻ പാലയ്ക്കൽ പെ. ബ. തോമ്മാ മല്പാനച്ചന്റെ ജീവചരിത്രം' ആധുനിക മലയാളത്തിലേക്കു ഭാഷാന്തരം ചെയ്ത്, പുതിയ ആമുഖത്തോടുകൂടി ഇപ്പോൾ പ്രസിദ്ധീകരിക്കുകയാണ്. പല സവിശേഷതകളുള്ള ഒരു കൃതിയാണിത്. ഒരു വിശുദ്ധൻ എഴുതിയ മറ്റൊരു വിശുദ്ധ പുരുഷന്റെ ജീവചരിത്രം, ഒരു പ്രേഷ്ഠശിഷ്യൻ ഗുരുവന്ദനമായി രചിച്ച കൃതി, ഒരുപക്ഷേ മലയാളസാഹിത്യത്തിൽ ജീവചരിത്രശാഖയിലെ ആദ്യത്തെ ഗ്രന്ഥം എന്നീ പ്രത്യേകതകൾ ഇതിനുണ്ട്. പാലയ്ക്കൽ തോമാ മല്പാനച്ചൻ ദിവംഗതനായിട്ട് ചുരുങ്ങിയ കാലയളവിനുള്ളിൽ എഴുതപ്പെട്ടതിനാൽ, സജീവമായ ഓർമ്മകളുടെ പ്രതിഫലനവുമാണിത്. അതുകൊണ്ടുതന്നെ ഇതിന്റെ ആധികാരികത വളരെ ആഴമാണ്, ദൃഢമാണ്.

സി.എം.ഐ സഭ ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടതിന്റെ സുവർണജൂബിലിയവസരത്തിൽ (1905), മാന്നാനം ആശ്രമത്തിന്റെ അന്നത്തെ പ്രിയോർ ബ. അലക്സാണ്ടറച്ചന്റെ മുഖവുരയോടുകൂടി, ഈ ജീവചരിത്രം ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടു. മൂലകൃതി മാറ്റങ്ങളൊന്നും വരുത്താതെ അന്നു പ്രസിദ്ധീകരിച്ചതിനെക്കുറിച്ച്, മുഖവുരയിൽ ഇങ്ങനെ കാണുന്നു: 'ദൈവത്തിന്റെ പ്രത്യേക കൃപയാൽ മലയാളത്തിൽ ഈ സഭ സ്ഥാപിക്കപ്പെട്ടുവെന്ന് ഈ ജീവചരിത്രത്തിൽനിന്നു



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

സ്പഷ്ടമായി കാണാവുന്നതാണ്. ഈ ജൂബിലിയവസരത്തിൽ ദൈവത്തിനു പ്രത്യേകമായി ഉപകാരസ്മരണ ചെയ്യുന്നതിന് ഈ ചരിത്രം നമ്മെ ഉത്സാഹിപ്പിക്കും. മലയാളഭാഷ ദിവസേന പരിഷ്ക രിക്കപ്പെട്ടുവരുന്ന ഈ കാലത്ത്, നമ്മുടെ പിതാക്കന്മാർ പഴയ കാല ങ്ങളിൽ എഴുതിയിട്ടിരിക്കുന്ന ഈ ചരിത്രങ്ങൾ ഭാഷയിൽ പല ന്യൂന തയുള്ളവയായി വല്ലവർക്കും തോന്നിയേക്കാം. എന്നാൽ, പൂർവത്തി ന്മേലുള്ള വണക്കം നിമിത്തവും, വിശ്രുത ദൈവശുശ്രൂഷികളായ ടി പിതാക്കന്മാരുടെ വ്യക്തമായ പരമാർത്ഥ വാക്യങ്ങളിൽ ഒരുവിധ ആത്മീയമഹത്വം പ്രകാശിപ്പിക്കയാലും, അവയിൽ ഞങ്ങൾ യാതൊ രു ഭേദഗതിയും ചെയ്യാതെ പ്രസിദ്ധപ്പെടുത്തുകയത്രെ ചെയ്തിട്ടുള്ള ത്. ഈ ചുരുങ്ങിയ ചരിത്രം പുണ്യജീവിതത്തിനു നമ്മെ ഉത്സാഹിപ്പി ക്കുന്നതു കൂടാതെ, മലയാളത്തിലെ പള്ളിച്ചരിത്ര വിഷയത്തിൽ ന മുക്ക് ഒരു ദീപമായി ശോഭിക്കുകയും ചെയ്യും എന്ന് വിശ്വസിക്കുന്നു.'

ഇതിനുശേഷം, കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യത്തിൽ, പാലയ്ക്കൽ തോമാ മല്പാന്റെ നൂറ്റിയമ്പതാം ചരമവാർഷികം ആചരിച്ചയവസ രത്തൽ (1991), മേൽസൂചിപ്പിച്ച അതേ മലയാളത്തിൽ ജീവചരിത്രം പുനഃപ്രസിദ്ധീകരിക്കുകയുണ്ടായി. എങ്കിലും, പത്തൊമ്പതാം നൂറ്റാ ണ്ടിന്റെ മദ്ധ്യത്തിൽ വി. ചാവറയച്ചൻ ഉപയോഗിച്ച ഭാഷ ഈ ഇരു പത്തൊന്നാം നൂറ്റാണ്ടിലെ വായനക്കാർക്ക് സുഗ്രഹമാകാനിടയില്ല എന്നതുകൊണ്ടാണ് ഇപ്പോൾ ഭാഷാന്തരം ചെയ്തു പ്രസിദ്ധീകരിക്കു ന്നത്. മലയാള ഭാഷാധ്യാപകനും പല ഗ്രന്ഥങ്ങളുടെയും കർത്താ വുമായ ശ്രീ ഷാജി മാലിപ്പാറയാണ് ഈ കൃതി ആധുനിക മലയാ ളത്തിലേക്ക് പരാവർത്തനം ചെയ്തിരിക്കുന്നത്. വളരെ സുഗമവും സുന്ദരവും ആയ ഭാഷയിൽ വി. ചാവറയച്ചന്റെ ആശയങ്ങൾ അവത രിപ്പിച്ച ശ്രീ ഷാജിക്കു വളരെ നന്ദി പറയുന്നു.

പുണ്യചരിതനായ പാലയ്ക്കൽ തോമാ മല്പാന്റെ വ്യക്തിത്വത്തെ ക്കുറിച്ച് വി. ചാവറയച്ചൻ നടത്തുന്ന ചില നിരീക്ഷണങ്ങൾ കൂടു തൽ ആഴമായ വിചിന്തനത്തിനും പഠനത്തിനും വിധേയമാക്കേണ്ട തുണ്ടെന്നു കരുതുന്നു. ജനത സർവീസസ് പ്രസിദ്ധീകരിച്ച മേൽ സൂചിപ്പിച്ച പുസ്തകത്തിൽ, ഫാ. ജോൺ റോമിയോ പാട്ടശേരി സി. എം.ഐ പാലയ്ക്കൽ മല്പാനച്ചന്റെ വ്യക്തിത്വം വിശകലനം ചെ യ്തെഴുതിയ ഒരു ലേഖനം ഉണ്ടായിരുന്നു. അതുംകൂടി പരിഗണിച്ച്, പുണ്യശ്ലോകനായ മല്പാനച്ചനെക്കുറിച്ചുള്ള ഏതാനും ചിന്തകൾ



www.TheCMSIndia.org



പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ സ്മരണാർഥം
സ്ഥാപിതമായിരിക്കുന്ന ആലുവയിലെ ആചാര്യ പാലയ്ക്കൽ ജീവസ്സ് കേന്ദ്രം




ആചാര്യ പാലയ്ക്കൽ ജീവസ്സ് കേന്ദ്രത്തിന്റെ ഉൾവശം

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS